"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- **RGSA** പദ്ധതിയുടെ **2512-00-789-97-02 SCSP** ശീർഷകത്തിൽ നിന്നും **3,33,34,000/-** രൂപ അനുവദിച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയം ഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.813/2026/LSGD തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:-

1. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ 13.05.2025 തീയതിയിലെ F.No. 36/IFD/MOPR/2025-26 നമ്പർ കത്ത്
2. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ 20.11.2025 തീയതിയിലെ F.No. 227/IFD/MoPR/2025-26 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.03.2026 തീയതിയിലെ LSGD/Pd/33029/2023-RGSA1 നമ്പർ കത്ത്
4. സ.ഉ (സാധാ) നം.3286/2026/ധന; തീയതി 23.03.2026

**ഉത്തരവ്**

രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാന്റെ (RGSA) 2025-2026 വർഷത്തെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രാലയം പരാമർശം 1 പ്രകാരം 7.50 കോടി രൂപയുടെ Mother Sanction അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതത്തിന്റെ ജനറൽ ശീർഷകത്തിലും SCSP ശീർഷകത്തിലും Revenue ഘടകത്തിനും Capital ഘടകത്തിനും പ്രത്യേകം ശീർഷകങ്ങളിലാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാന ബജറ്റിൽ ജനറൽ ശീർഷകത്തിലും SCSP ശീർഷകത്തിലും Revenue ഘടകത്തിനും Capital ഘടകത്തിനുമായി പ്രത്യേകം

ശീർഷകം നിലവിലില്ലാത്ത സാഹചര്യത്തിൽ നിലവിൽ പദ്ധതിയ്ക്കായി ബിൽ തയ്യാറാക്കുമ്പോൾ Revenue ഘടകത്തിൽ നിന്നു മാത്രമേ തുക ചെലവഴിക്കാൻ കഴിയുന്നുള്ളു എന്നതിനാലും പ്രത്യേക ശീർഷകം നിലവില്ലാത്തതിനാൽ Capital ഘടകത്തിൽ നിന്നും തുക ചെലവഴിക്കാൻ കഴിയുന്നില്ലാത്ത സാഹചര്യത്തിൽ പരാമർശം 2 പ്രകാരം Revised Mother Sanction അനുവദിച്ചിട്ടുള്ളതാണ്.

Revised Mother Sanction പ്രകാരം 6,50,00,000/-രൂപ SCSP ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതം 4,33,33,332/- രൂപയാണ്. അപ്രകാരം ആകെ 10,83,33,332/-രൂപയാണ് SCSP ശീർഷകത്തിൽ ലഭിക്കേണ്ടത്. നിലവിൽ പദ്ധതിയുടെ സംസ്ഥാന ബജറ്റിലെ ശീർഷകങ്ങളിൽ ചുവടെ ചേർക്കുന്ന പ്രകാരമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| 2515-00-101-56-02 General | 5,00,00,000 | 1,66,52,711 | 3,33,47,289 |
| 2515-00-789-97-02 SCSP | 7,50,00,000 | 0 | 7,50,00,000 |
| | 12,50,00,000 | 1,66,52,711 | 10,83,47,289 |

ആയതിനാൽ 2515-00-101-56-02 General ശീർഷകത്തിൽ അവശേഷിക്കുന്ന 3,33,47,289/- രൂപയിൽ നിന്നും 3,33,33,332/- രൂപ പുനക്രമീകരണം (Re appropriation) ലൂടെ 2512-00-789-97-02 SCSP ശീർഷകത്തിലേക്ക് മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 3 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

നിലവിലുള്ള സാമ്പത്തിക നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട്, കേരള ബജറ്റ് മാനുവലിലെ ഖണ്ഡിക 95(3) പ്രകാരം 2515-789-97-02 ശീർ ഷകത്തിൽ **3,33,34,000/- രൂപ** (മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) അധിക ചെലവായി അനുവദിച്ച് കൊണ്ട് ധനകാര്യ വകുപ്പ് പരാമർശം 4 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ,RGSA പദ്ധതിയുടെ SCSP ഘടകത്തിനായുള്ള 2515-789-97-02 എന്ന ശീർഷകത്തിൽ നിന്നും **3,33,34,000/- രൂപ(മൂന്നു കോടി മുപ്പത്തിമൂന്നു ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം)**അനുവദിച്ചു നൽകിയും ഈ അധിക ചെലവ് നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി ഗ്രാന്റിനുള്ളിലെ നീക്കിയിരുപ്പ് പുനർവിനിയോഗം( reappropriation of savings)) വഴിയോ അല്ലെങ്കിൽ അനുബന്ധ ഗ്രാന്റുകൾ(supplymentary Demands for Grants) വഴിയോ ക്രമപ്പെടുത്തുന്നതിന് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 24-03-2026 11:52:47
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്